# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6548 — 21.11.2019-ൽ മറുപടിയ്ക്ക്

### ഭൂമിയുടെ ന്യായവില നിർണ്ണയം

**ചോദ്യം :**

**ശ്രീ.അൻവർ സാദത്ത്**

**മറുപടി :**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന തലത്തിൽ ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാകാത്തത് മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൂമിയുടെ ന്യായവില നിർണ്ണയത്തിലുണ്ടായ അപാകതകൾ സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ രൂപീകരിച്ച കമ്മിറ്റി പ്രസ്തുത റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിലുണ്ടായ നിരവധി ആക്ഷേപങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, പാലക്കാട് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, പെരിന്തൽമണ്ണ, ദേവികുളം, തൃശ്ശൂർ സബ് കളക്ടർമാർ എന്നിവർ അംഗങ്ങളുമായി ഒരു സബ് കമ്മിറ്റി 09.07.2015-ലെ ജി.ഒ (ആർ.റ്റി.) നം.3598/2015/ആർ.ഡി. പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 01.01.2016-ൽ യോഗം ചേരുകയും ഓരോ ജില്ലയിലും കുറച്ച് ഭൂമി തിരഞ്ഞെടുത്ത് ന്യായവില പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തു യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് രണ്ടു തവണ കൂടി യോഗം ചേരുകയും |

| | | | |
|---|---|---|---|
| | | | ഒരു ശിൽപ്പശാല നടത്തുകയും ചെയ്തു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നൽകിയ ശുപാർശകളും ന്യായവില പുനർനിർണ്ണയിക്കുമ്പോൾ പരിഗണിക്കേണ്ട പ്രായോഗിക നിർദ്ദേശങ്ങളും കണക്കിലെടുത്തും നടപടികൾ പൂർത്തിയാക്കേണ്ട സമയക്രമങ്ങൾ നിശ്ചയിച്ചും കൊണ്ടുള്ള വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 14.08.2018-ലെ സ.ഉ.(കൈ) നം.302/18/റവ പ്രകാരം സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്തുവാൻ അനുമതി നൽകിയും ന്യായവില പുനർനിർണ്ണയിക്കുമ്പോൾ പരിഗണിക്കേണ്ട നിർദ്ദേശങ്ങളും സ്വീകരിക്കേണ്ട നടപടികളും ഉൾപ്പെടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | നിലവിലെ ന്യായവില ഈ സർക്കാർ വന്നശേഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയെന്ന് അറിയിക്കാമോ? | (സി) | പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 30.03.2018-ലെ ജി.ഒ.(പി) 43/2018 റ്റി.ഡി, 30.04.2019 -ലെ ജി.ഒ.(പി) 70/2019 റ്റി.ഡി ഉത്തരവുകൾ പ്രകാരം നിലവിലുണ്ടായിരുന്ന ന്യായവിലയുടെ 10% വീതം വർദ്ധനവ് വരുത്തി രണ്ട് തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

PR

സെക്ഷൻ ഓഫീസർ